**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1559** **11-09-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ അതിഥി തൊഴിലാളികളുടെ വിവരശേഖരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിൽ വകുപ്പ് എന്നുമുതലാണ് അതിഥി തൊഴിലാളികളുടെ വിവരശേഖരണം ആരംഭിച്ചതെന്നും അതിഥി തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും എന്തൊക്കെ വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (എ) | അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യപരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 2017 നവംബർ 1 ന് “ആവാസ്” എന്ന പേരിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നിലവിൽ വന്നു. ടി പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത 5,16,320 അതിഥി തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള എണ്ണം, സംസ്ഥാനം തിരിച്ചുള്ള വിവരം, ജെൻഡർ അടിസ്ഥാനത്തിലുള്ള വിവരം എന്നിവ ലഭ്യമാണ്. അതിഥി തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽ വകുപ്പ് "അതിഥി പോർട്ടൽ" പ്രാവർത്തികമാക്കിയിട്ടുണ്ട്. നിലവിൽ എല്ലാ വകുപ്പുകളുമായി ഏകോപിപ്പിച്ചുകൊണ്ട് ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സിന്റെ വിവര ശേഖരണത്തിനായി ഒരു കേന്ദ്രീകൃത പോർട്ടൽ എന്ന രീതിയിലാണ് അതിഥി പോർട്ടൽ വികസിപ്പിച്ചിട്ടുള്ളത്. ആയതിലൂടെ സംസ്ഥാനത്തേക്ക് കുടിയേറുന്നതിന് മുമ്പ് തന്നെ അതിഥി തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും തൊഴിലുടമയ്ക്കും കരാറുകാർക്കും തൊഴിലാളികളെ കണ്ടെത്തുന്നതിനും അവരവരുടെ തൊഴിലാളികളുടെ വിശദാംശങ്ങൾ സമർപ്പിക്കുന്നതിനും ടി പോർട്ടലിലൂടെ സാധിക്കുന്നു. ടി പോർട്ടൽ മുഖേന അതിഥി തൊഴിലാളികൾക്ക് നേരിട്ടും, കോൺട്രാക്ടർമാർ/എംപ്ലോയർമാർ വഴിയും രജിസ്ട്രേഷൻ നടത്താവുന്നതാണ്. രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി "അതിഥി ആപ്പ്” എന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിന്റെ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. |
| (ബി) | വകുപ്പിന്റെ വിവരശേഖരണത്തിൽ ക്രിമിനൽ പശ്ചാത്തലം ഉള്ള അതിഥി തൊഴിലാളികളുടെ എണ്ണം | (ബി) | ആവാസ് പദ്ധതി പ്രകാരമുള്ള അതിഥി തൊഴിലാളികളുടെ വിവര ശേഖരണത്തിൽ ക്രിമിനൽ |

| | | | |
|---|---|---|---|
| | എത്രയാണെന്ന് വ്യക്തമാക്കാമോ? | | പശ്ചാത്തലം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ